ഉത്തരം

(എ) 3212 അപേക്ഷകർ അർഹരാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) 1970 അപേക്ഷകർക്കായി 5,39,10,300 രൂപ (അഞ്ചുകോടി മുപ്പത്തിയൊമ്പതു ലക്ഷത്തി പതിനായിരത്തി മുന്നൂറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. 1242 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുവാനുണ്ട്.

ജോസ് ഉപ്പട്ടിലിന് ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

69 (3578) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിൽസാ ധനസഹായം ലഭിയ്ക്കുന്നതിനായി ജോസ് ഉപ്പട്ടിൽ, ചെമ്മണ്ണാർ എന്നയാൾ സമർപ്പിച്ച അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ടിയാന് ധനസഹായം അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പിൽ നിന്ന് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ജോസ് ഉപ്പട്ടിൽ, ചെമ്മണ്ണാർ സമർപ്പിച്ച IDDW211129 നമ്പർ അപേക്ഷ, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ൽ ഉൾപ്പെടുത്തി 20000 രൂപ അനുവദിക്കുകയും, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ 21/7/2015-ൽ ഇടുക്കി ജില്ലാ കളക്ടർ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

നാട്ടിക നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായ വിതരണം

70 (T* 3579) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിൽസാ ധനസഹായം ലഭിക്കുന്നതിന് നാട്ടിക നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കി ആനുകൂല്യം വിതരണം ചെയ്തുവെന്നും ആയതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചു സൂക്ഷിക്കാറില്ല.

അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം

71 (3580) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി അമ്പലപ്പുഴ എം.എൽ.എ. മുഖാന്തിരം എത്ര അപേക്ഷകൾ ലഭിച്ചു; അവരുടെ പേരും, വിലാസവും, അനുവദിച്ച തുകയും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി അമ്പലപ്പുഴ താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് എത്ര തുകവീതം ധനസഹായം നൽകിയെന്നും വെളിപ്പെടുത്തുമോ;

(സി) ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണം വ്യക്തമാക്കാമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിന്റെ കണക്ക് രോഗത്തിന്റെ വിവരം/അത്യാഹിതത്തിന്റെ സ്വഭാവം/ വി.ഐ.പി.കളുടെ ശിപാർശ എന്നിവയനുസരിച്ച് തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly